# മനസ്സിൻ്റെ ഒരു പുതിയ നിലപാട് - നമ്മുടെ പരമാവധി ദൈവത്തിനു കൊടുക്കുക

സാക് പുന്നൻ

WFTW 08 ഫെബ്രുവരി 2015

അനേകം മതഭക്തർ നിയമവാദികളും, ന്യായപ്രമാണത്തിനു കീഴിലുള്ളവരുമാണ്. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ കാര്യത്തെ കുറിച്ച് അവർ ചിന്തിക്കുന്നു. അതുകൊണ്ടാണ് അവർ അവരുടെ വരുമാനത്തിൻ്റെ പത്തു ശതമാനം എത്ര വരുമെന്നു കൃത്യമായി കണക്കു കൂട്ടിയിട്ട് വൈമനസ്യത്തോടെ അത് ദൈവത്തിനു കൊടുക്കുന്നത്. പഴയ നിയമത്തിൽ, ഈ നിലപാട് യിസ്രയേല്യരെ ഒടുവിൽ കണ്ണു പൊട്ടിയ ആടിനെയും ദീനം പിടിച്ച കാളകളെയും യഹോവയ്ക്കു യാഗം കഴിക്കുന്നതിൽ കൊണ്ടെത്തിച്ചു (മലാഖി 1:8).

പുതിയ നിമയ കല്പനകളോടും ഇതിനു സമാനമായ നിലപാട് ഉണ്ടാകാൻ സാധ്യത ഉണ്ട്. ഒരു സഹോദരി തന്നോട്, ഭർത്താവിന് കീഴ്പ്പെട്ടിരിക്കുവാൻ കല്പിക്കുന്ന വചനത്തിൻ്റെ അക്ഷരം, എത്ര കുറച്ചു പാലിക്കാമെന്ന് ചിന്തിക്കുന്നു അല്ലെങ്കിൽ സഭാ യോഗങ്ങളിൽ  തലമുടിയുടെ ഭംഗി മുഴുവനായി മറഞ്ഞു പോകാത്ത വിധത്തിൽ  തലയുടെ ഏറ്റവും കുറച്ചു ഭാഗം മൂടുന്നതിനെക്കുറിച്ച് അവൾ ചിന്തിക്കുന്നു. പുരുഷന്മാരും സ്ത്രീകളും തങ്ങൾക്കുള്ളതെല്ലാം മുഴുവനായി ഉപേക്ഷിക്കാതെ 'ആത്മീയൻ' ആകുവാൻ ആവശ്യമായ ഏറ്റവും കുറഞ്ഞതിനെക്കുറിച്ചു ചിന്തിച്ചേക്കാം. 'ഈ ലോകത്തിൻ്റേതായി ഞാൻ ഉപേക്ഷിക്കേണ്ടിയ ഏറ്റവും കുറഞ്ഞ അളവ് എന്താണ്?' എന്ന ചോദ്യമാണ് അങ്ങനെയുള്ള ആളുകളുടെ മനസ്സിൽ എപ്പോഴും ഉള്ളത്. അങ്ങനെയുള്ള ആളുകൾക്ക് ഒരിക്കലും ആത്മീയരാകാൻ കഴിയുകയില്ല. അവർക്കു മതഭക്തരായിരിക്കാൻ മാത്രമേ കഴിയൂ.

യേശുവിൻ്റെ നിലപാടു തികച്ചും വ്യത്യസ്തമായിരുന്നു. തൻ്റെ പിതാവിനെ പ്രസാദിപ്പിക്കുവാൻ വേണ്ട ഏറ്റവും കുറഞ്ഞ അളവ് എന്താണെന്ന് അവിടുന്ന് ഒരിക്കലും അന്വേഷിച്ചില്ല. മറിച്ചു തനിക്കുള്ളതെല്ലാം തൻ്റെ പിതാവിനു കൊടുക്കാൻ കഴിയുന്ന വിധത്തിൽ പരമാവധി എന്താണെന്ന് കണ്ടെത്താനാണ് അവിടുന്ന് അന്വേഷിച്ചത്. അതുകൊണ്ട് ഓരോ കല്പനയുടെയും പിന്നിലുള്ള ആത്മാവ് എന്താണെന്ന് അവിടുന്ന് അന്വേഷിച്ചത്. അങ്ങനെ ശാരീരികമായ വ്യഭിചാരം മാത്രം ഒഴിവാക്കിയാൽ പോരാ എന്ന് അവിടുന്ന് അറിഞ്ഞു. (ന്യായപ്രമാണം ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ കാര്യം അതായിരുന്നെങ്കിലും). ഒരുവൻ ഹൃദയത്തിൽ മോഹിക്കുക പോലും ചെയ്യരുതെന്നാണ് ആ കല്പനയുടെ പിന്നിലുള്ള ആത്മാവെന്ന് അവിടുന്നു മനസ്സിലാക്കി. അതുപോലെ കോപവും കൊലപാതകവും ഒരുപോലെയാണെന്ന് അവിടുന്നു കണ്ടു. ഇതുപോലെ മറ്റുള്ളവയും. അങ്ങനെ, ഓരോ കല്പനയുടെയും പിന്നിലുള്ള ആത്മാവിനെ അവിടുന്നു മനസ്സിലാക്കി.

തൻ്റെ ഭർത്താവിനെ ആഴമായി സ്നേഹിക്കുന്ന ഈ ലോകത്തിലെ കാന്ത, തൻ്റെ കാന്തനെ പ്രസാദിപ്പിക്കുവാൻ ഏറ്റവും കുറഞ്ഞത് എന്തു ചെയ്യണമെന്ന് ഒരിക്കലും ചിന്തിക്കാറില്ല. മറിച്ച് അവൾക്ക് പരമാവധി എന്തു ചെയ്യാൻ കഴിയും എന്നാണ് അവൾ ചിന്തിക്കുന്നത്. ഇതു തന്നെയാണ് ക്രിസ്തുവിൻ്റെ കാന്തയുടെയും നിലപാട്.

ഇവിടെയാണ് വേലക്കാരിയും കാന്തയും തമ്മിലുള്ള വ്യത്യാസം ന്യായപ്രമാണത്തിൻ്റെ കീഴിലുള്ളവർക്കെല്ലാം വേലക്കാരിയായിരിക്കാൻ മാത്രമേ കഴിയൂ. ഒരു ജോലിക്കാരൻ തൻ്റെ കൂലിക്കുവേണ്ടിയാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് തൻ്റെ സേവനത്തിൽ അവൻ വളരെ കണക്കു കൂട്ടൽ ഉള്ളവനാണ്. ക്ലോക്ക് പ്രകാരം അവൻ തൻ്റെ ജോലി അളക്കുന്നു. അധിക സമയം അവൻ ജോലി ചെയ്താൽ, അവൻ അധിക വേതനം പ്രതീക്ഷിക്കുന്നു. ഒരു പുത്രൻ (അല്ലെങ്കിൽ ഒരു ഭാര്യ), മറുവശത്ത്, എത്ര നീണ്ട സമയം വേണമെങ്കിലും, പ്രതിഫലത്തിനായിട്ടല്ല, സ്നേഹം മൂലം, ജോലി ചെയ്യും. മതഭക്തിയും ആത്മീയതയും തമ്മിലുള്ള വ്യത്യാസം ഇതിലാണു കിടക്കുന്നത്.

“എനിക്കു കർത്താവിൽ നിന്ന് എന്തു നേടാൻ കഴിയും'' എന്നു ചിന്തിക്കുന്ന മനോഭാവം മതഭക്തിയിലേക്കു നയിക്കുന്നു. എന്നാൽ ‘എനിക്കുള്ള ഒരേയൊരു ഭൌതീക ജീവിതത്തിൽ നിന്ന് കർത്താവിന് എന്തുലഭിക്കും‘ എന്നു ചിന്തിക്കുന്ന മനോഭാവം ശരിയായ ആത്മീയതയിലേക്ക് നയിക്കും .അപ്പോൾ ഏറ്റവും കുറഞ്ഞ ആവശ്യം വെറും ഒരു മൈൽ പോകുക എന്നതായിരിക്കുമ്പോൾ തന്നെ രണ്ടാമത്തെ മൈലുംകൂടി പോകുക എന്നത് നമുക്കു സ്വാഭാവികമായിത്തീരും.